"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കിഴിലുള്ള പോളിടെക്നിക്കുകളിൽ ഒഴിഞ്ഞു കിടക്കുന്ന ടൂൾ & ഡൈ എഞ്ചിനീയറിംഗ് വകുപ്പ് മേധാവി തസ്തികകളെ ലക്ച്ചറർ തസ്തികകളാക്കി താൽക്കാലികമായി തരംതാഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.325/2026/HEDN തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. സ.ഉ(കൈ) നം 13/2021/ഉ.ഭ.പ. വ. തീയതി 08.06.2021
2. കാറ്റഗറി നം.005/2019-ന്മേൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ 09.02.2023-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നം.: 87/2023/SSVII
3. സ.ഉ.(കൈ) നം.197/2025/ഉ.വി.വ തീയതി 21.04.2025
4. ടൂൾ & ഡൈ എഞ്ചിനിയറിംഗ് പോളിടെക്നിക്ക് ലക്ച്ചറർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ വിവിധ തീയതികളിൽ സമർപ്പിച്ച നിവേദനങ്ങൾ
5. ശ്രീമതി.അഞ്ജന.പി. ഫയൽ ചെയ്ത OA No:4/2026-ന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 03.02.2026-ലെ ഉത്തരവ്
6. ശ്രീ.അജിത് പി.എസ്., ശ്രീ.അർജ്ജുൻ എസ് സുരേഷ് എന്നിവർ ഫയൽ ചെയ്ത OA (EKM) 1657/2024, 1792/2025 & 1895/2025 എന്നിവയിൽ 05.02.2026-ൽ ബഹു.ട്രിബ്യൂണലിന്റെ ഇടക്കാല വിധി
7. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 06.01.2026-ലെ DTETVM/5437/2025-EC2, 25.02.2026-ലെ DTETVM/5437/2025-EC2 നമ്പർ കത്തുകൾ

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കിഴിലുള്ള പോളിടെക്നിക്ക് കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന ടൂൾ & ഡൈ എഞ്ചിനിയറിംഗ് വകുപ്പ് മേധാവി തസ്തികകൾ ലക്ച്ചറർ തസ്തികയായി തരംതാഴ്ത്തി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് ടൂൾ & ഡൈ എഞ്ചിനിയറിംഗ് ലക്ച്ചറർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

2. ടൂൾ & ഡൈ വിഭാഗം ലക്ച്ചറർ തസ്തിക സർക്കാർ പോളിടെക്നിക് കോളേജ്, കുന്നംകുളം,

സർക്കാർ പോളിടെക്നിക് കോളേജ്, കോഴിക്കോട് എന്നീ രണ്ട് സ്ഥാപനങ്ങളിൽ മാത്രമാണ് നിലവിലുള്ളത്. മുൻപ് മെക്കാനിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്ന ഈ വിഭാഗത്തിലെ 7 ഒഴിവുകൾ കേരള പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് പ്രകാരം പരാമർശം (2) റാങ്ക് ലിസ്റ്റ് നിലവിൽ വരികയുണ്ടായി. ടി റാങ്ക് ലിസ്റ്റിൽ നിന്നും 6 പേർക്ക് നിയമനം നൽകുകയും ഒരു ഒഴിവ് പി.എസ്.സി. D&LV ആയി മാറ്റിവെക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന്, പരാമർശം (3) ഉത്തരവ് പ്രകാരം ടൂൾ & ഡൈ ബ്രാഞ്ചിൽ അനുവദിച്ചിരുന്ന 3 മെക്കാനിക്കൽ എഞ്ചിനീയറിംഗ് ലക്ചറർ തസ്തികകളിൽ ഒഴിഞ്ഞുകിടന്ന 2 എണ്ണം ടൂൾ & ഡൈ ലക്ചറർ തസ്തികകളായി പരിവർത്തനം ചെയ്യും 2 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിരുന്നു. എന്നാൽ ഇരു സ്ഥാപനങ്ങളിലെയും വകുപ്പ് മേധാവി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ ടി തസ്തികകൾ പരാമർശം (1) ഉത്തരവിലെ നിർദ്ദേശ പ്രകാരം തരംതാഴ്ത്തി ലക്ച്ചറർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടാണ് ഉദ്യോഗാർത്ഥികൾ സർക്കാരിനെ സമീപിച്ചത്. എന്നാൽ പ്രസ്തുത വകുപ്പ് മേധാവി തസ്തികകളിൽ നാളിതു വരെയും മെക്കാനിക്കൽ വിഭാഗത്തിൽ നിന്നുള്ളവരെയാണ് നിയമിച്ചിരുന്നത് എന്നും, നിലവിൽ മെക്കാനിക്കൽ വിഭാഗത്തിലും വകുപ്പ് മേധാവി നിയമനത്തിന് യോഗ്യരായ ലക്ച്ചറർമാർ ഇല്ല എന്ന സാഹചര്യത്തിലാണ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് എന്നും, ടൂൾ & ഡൈ വിഭാഗത്തിൽ നിലവിലുള്ള ഒരു ലക്ച്ചറർ പ്രമോഷന് യോഗ്യത കൈവരിക്കണമെങ്കിൽ നിരവധി വർഷങ്ങൾ കഴിയേണ്ടതുണ്ട് എന്നതിനാൽ തസ്തിക തരം താഴ്ത്തി നിയമനം നൽകിയാൽ നിലവിലുള്ളവർ പ്രമോഷന് യോഗ്യത നേടുന്നത് വരെ വകുപ്പ് മേധാവി തസ്തിക ഒഴിഞ്ഞു കിടക്കുമെന്നതിനാൽ അപേക്ഷകരുടെ ആവശ്യം പരിഗണിക്കാവുന്നതല്ല എന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. എന്നാൽ പ്രമോഷന് അർഹതയുള്ള ജീവനക്കാരുടെ അഭാവം നിലനിൽക്കുന്നതിനാൽ പ്രമോഷൻ അനുവദിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അത്തരം തസ്തികകൾ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേക്ക് താൽകാലികമായി തരം താഴ്ത്തി പി.എസ്.സി മുഖേന നടത്തേണ്ട ഒഴിവുകളുടെ എണ്ണം കണക്കാക്കി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് പരാമർശം (1) പ്രകാരമുള്ള നിർദ്ദേശം നിലനിൽക്കുന്നത് ചൂണ്ടിക്കാട്ടി ഉദ്യോഗാർത്ഥികൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതിനെത്തുടർന്ന് പരാമർശം (4) പ്രകാരം 2 ലക്ച്ചറർ തസ്തികകളും പരാമർശം (5) പ്രകാരം ഒരു തസ്തികയും താൽക്കാലികമായി പി എസ് സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഉത്തരവായിട്ടുണ്ട്.

4. മേൽ സാഹചര്യം സർക്കാർ പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മെക്കാനിക്കൽ വിഭാഗം വകുപ്പ് മേധാവി തസ്തികയിലേയ്ക്കും ടൂൾ & ഡൈ വിഭാഗം വകുപ്പ് മേധാവി തസ്തികയിലേയ്ക്കും നിയമിക്കപ്പെടുന്നതിന് നിലവിൽ യോഗ്യതയുള്ള ഉദ്യോഗസ്ഥർ ആരും തന്നെ ഇല്ല എന്നത് വ്യക്തമാണ്. അതേ സമയം റാങ്ക് പട്ടികയിലുള്ള ഉദ്യോഗാർത്ഥികളുടെ ആവശ്യം പരിഗണിച്ച് രണ്ട് ലക്ച്ചറർ തസ്തികകൾ താൽക്കാലികമായി പബ്ലിക് സർവീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ടി സാഹചര്യത്തിൽ, ഗവ.പോളിടെക്നിക് കോളേജ് കുന്നംകുളം, ഗവ.പോളിടെക്നിക് കോളേജ് കോഴിക്കോട് എന്നിവിടങ്ങളിലെ ടൂൾ & ഡൈ വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന ഓരോ വകുപ്പ് മേധാവി തസ്തികകൾ മേൽ പരാമർശിച്ച OA No.4/2026, OA (EKM) 1657/2024, 1792/2025 & 1895/2025 എന്നിവയിലെ അന്തിമ ഉത്തരവിന് വിധേയമായി ലക്ച്ചറർ തസ്തികയായി

താൽക്കാലികമായി തരം താഴ്ത്തി ഉത്തരവാകുന്നു.

5. ടി തസ്തികകൾ കേരളാ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ, അക്കാണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (08.06.202 തീയതിയിലെ സ.ഉ(കൈ) നം 13. 20217
ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ്&ന്യൂമീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക്ഫയൽ./ഓഫീസ് കോപ്പി .

Signed by Geetha Lekshmi.
G
Date: 06-03-2026 11:55:38

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ